4 TVM KW

മാധ്യമം

2025 മാർച്ച് 30 ഞായർ

# അമൃത വിശ്വവിദ്യാപീഠത്തിന് ഹരിത കേരളം മിഷൻ അംഗീകാരം

കൊല്ലം: അമൃത വിശ്വവിദ്യാപീഠം അമൃതപുരി കാമ്പസിന് ഹരിതകേരളം മിഷന്റെ അംഗീകാരം. പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങളിൽ കാഴ്ചവെച്ച ശ്രദ്ധേയ ഇടപെടലുകൾ കണക്കിലെടുത്താണ് അംഗീകാരം. തിരുവനന്തപുരത്ത് നടന്ന പരിസ്ഥിതി സംഗമത്തിൽ അമൃത വിശ്വവിദ്യാപീഠം പ്രതിനിധികളായ എൻജിനീയറിങ് വിഭാഗം അസോസിയേറ്റ് ഡീൻ ഡോ. എസ്.എൻ. ജ്യോതി, ശ്രീവത്സൻ, വിഷ്ണു വിജയ്, എസ്. നിതിൻ, പി. ബിനു, ജി. സലിൽകുമാർ എന്നിവർ ചേർന്ന് ഉപഹാരം സ്വീകരിച്ചു. നവകേരളം കർമപദ്ധതി കോഓഡിനേറ്റർ ഡോ. ടി.എൻ. സീമ ഉൾപ്പെടെയുള്ളവർ പങ്കെടുത്തു.